(3) സംസ്ഥാനത്ത് കോള കമ്പനികളുടെ പ്രവർത്തനം നിരോധിക്കൽ

ശ്രീ. കെ. പി. രാജേന്ദ്രൻ : വളരെ പ്രധാനപ്പെട്ട വിഷയമാണ് ഉന്നയിക്കുന്നത്. നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന കോള കമ്പനികൾ അടച്ചുപൂട്ടണമെന്നതാണ് എന്റെ സബ്മിഷൻ. അമിതമായ തോതിൽ ഭൂഗർഭജലം പാലക്കാട് ജില്ലയിലെ ചിറ്റൂർ, പാലക്കാട് എന്നിവിടങ്ങളിൽ ചൂഷണം ചെയ്യുന്നതായ റിപ്പോർട്ടുകൾ ഗവൺമെന്റിന് കിട്ടിക്കഴിഞ്ഞു. 1998 മുതൽ 2003 വരെ നടത്തിയ പരിശോധനകളിൽ ഡിജിറ്റൽ വാട്ടർ ലെവൽ റിക്കാർഡറുകളിലൂടെ നടത്തിയ പരിശോധനയിലൂടെ,...

മി. സ്പീക്കർ : ഇതൊക്കെ എല്ലാപേർക്കും അറിയാവുന്നതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : ഇവർ പുറത്തുവിടുന്ന പരിസര മലിനീകരണം ജനിതകവൈകല്യംമൂലം ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന ഈ രണ്ടു കമ്പനികളെ മുഖ്യമന്ത്രി തന്നെ .....

മി. സ്പീക്കർ : അല്ല. എന്റെ കൈവശമുള്ള രേഖയിൽ ലോക്കൽ സെൽഫ് ഗവൺമെന്റ് വകുപ്പുമന്ത്രിയാണ് മറുപടി പറയേണ്ടത്.

ശ്രീ. കെ. പി. രാജേന്ദ്രൻ : ഞങ്ങളുടെ കൈവശമുള്ള രേഖയിൽ മുഖ്യമന്ത്രിയാണ് മറുപടി പറയുന്നത് എന്നാണ് പറഞ്ഞിട്ടുള്ളത്.

മി. സ്പീക്കർ : അത് എങ്ങനെ തെറ്റി എന്ന് അറിയില്ല. ഞാൻ അത് പരിശോധിക്കാം.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): പ്ലാച്ചിമടയിലെ കൊക്കകോള കമ്പനിക്ക് പെരുമാട്ടി ഗ്രാമ പഞ്ചായത്ത് 27-1-2000-ലാണ് ആദ്യമായി ലൈസൻസ് നൽകിയത്. അമിതമായി ഭൂഗർഭജലം ചൂഷണം ചെയ്യുന്നു എന്ന കാരണത്താൽ 15-5-2003-ൽ പഞ്ചായത്ത്, കമ്പനിയുടെ ലൈസൻസ് റദ്ദാക്കി. കമ്പനി ഗവൺമെന്റിൽ നൽകിയ അപ്പീൽ 13-10-2003-ലെ ഗവൺമെന്റ് ഉത്തരവു പ്രകാരം തീർപ്പാക്കുകയും വിദഗ്ദ്ധരടങ്ങിയ ഒരു സമിതിയെക്കൊണ്ട് വിശദമായ അന്വേഷണം നടത്താനും റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഉചിതമായ നടപടി സ്വീകരിക്കാനും പഞ്ചായത്തിനോട് നിർദ്ദേശിക്കുകയും ചെയ്തു. ഈ ഉത്തരവിനെതിരെ പഞ്ചായത്ത് ഹൈക്കോടതിയിൽ ഒ.പി. ഫയൽ ചെയ്തു. അനുകൂല ഉത്തരവ് സമ്പാദിച്ചുവെങ്കിലും ഇതിനെതിരെ കമ്പനി നൽകിയ റിട്ട് അപ്പീലിൽ കമ്പനിക്കെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് കോഴിക്കോട് സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് എന്ന സ്ഥാപനത്തെ കോടതി ചുമതലപ്പെടുത്തിയിരിക്കുകയാണ്. അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല. പെപ്സി കമ്പനിയുടെ ലൈസൻസ് പുതുശ്ശേരി ഗ്രാമപഞ്ചായത്ത് റദ്ദാക്കിയതിനെതിരെ അവർ ഹൈക്കോടതിയിൽ റിട്ട് അപ്പീൽ നൽകിയിരിക്കുകയാണ്. കോള കമ്പനികളുടെ പ്രവർത്തനം സംബന്ധിച്ച് പഠനം

LIBRARY ARCHIVES Kerala Legislative Assembly

നടത്താൻ പാർലമെന്റ് നിയോഗിച്ച ജോയിന്റ് പാർലമെന്ററി കമ്മിറ്റി സംസ്ഥാനത്തെ കോള കമ്പനികൾ സന്ദർശിക്കുമെന്ന് അറിയിച്ചിരുന്നുവെങ്കിലും പ്രസ്തുത സന്ദർശനം പിന്നീട് റദ്ദാക്കുകയുണ്ടായി. നിയമസഭാ പരിസ്ഥിതി സമിതിയും ഇവരുടെ പ്രവർത്തനങ്ങൾ അന്വേഷിക്കുന്നുണ്ട്. കൊക്കകോള കമ്പനികൾക്കെതിരെയുള്ള ആരോപണങ്ങൾ വിവിധ ഏജൻസികൾ അന്വേഷിച്ചുകൊണ്ടിരിക്കുന്നതിനാലും.....

മി. സ്പീക്കർ : മിനിസ്റ്റർ, പ്ളീസ് കൺക്ളൂഡ്... മുഴുവൻ വായിക്കേണ്ട. സബ്മിഷന് മറുപടി എഴുതിക്കൊണ്ടുവരാൻ പാടില്ല.

ശ്രീ. ചെർക്കളം അബ്ദുള്ള : പ്രശ്നം കോടതിയുടെ പരിഗണനയിലുള്ളതിനാലും ഈ ഘട്ടത്തിൽ ഈ ഗവൺമെന്റ് ഇടപെടേണ്ടതില്ല എന്നാണ് ഗവൺമെന്റിന്റെ നിലപാട്.

(4) കോന്നി നിയോജകമണ്ഡലത്തിലെ വരൾച്ച

ശ്രീ. അടൂർ പ്രകാശ് : സർ, കോന്നി നിയോജകമണ്ഡലം അതിരൂക്ഷമായ വരൾച്ച നേരിടുന്ന മലയോരപ്രദേശമാണ്. ജനങ്ങൾക്ക് കുടിക്കുന്നതിന് ഒരിറ്റു വെള്ളം ലഭിക്കാത്ത സാഹചര്യത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. കൃഷിയിടങ്ങളെല്ലാം കത്തിക്കരിയുന്നു. എല്ലാ വർഷവും വരൾച്ചയുണ്ടാകുന്ന അവസരങ്ങളിൽ കോന്നി ഡിസ്ട്രിബ്യൂട്ടറി കനാലിൽക്കൂടി വെള്ളം തുറന്നുവിട്ടു കൊണ്ടിരുന്നു. എന്നാൽ ഈ വർഷം കോന്നി ഡിസ്ട്രിബ്യൂട്ടറി കനാൽ വഴി വെള്ളം തുറന്നുവിടുന്നതിന് യാതൊരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. നിലവിലുള്ള കനാലുകളുടെ മെയിന്റനൻസ് നടത്തുന്നതിനും നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. അടിയന്തിരമായി കനാലുകളുടെ മെയിന്റനൻസ് നടത്തുകയും കെ.ഐ.പി.-യുടെ കോന്നി ഡിസ്ട്രിബ്യൂട്ടറി കനാൽ വഴി വെള്ളം തുറന്നുവിടുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ഇക്കാര്യത്തിൽ ഒരു ഷെഡ്യൂൾ നമ്മൾ നേരത്തേ തയ്യാറാക്കിയിട്ടുണ്ട്. എല്ലാ വർഷവും ഫെബ്രുവരി 4-ാം തീയതിക്കുശേഷമാണ് കല്ലട പ്രോജക്ടിന്റെ കനാലുകളിലൂടെ വെള്ളം തുറന്നു വിടാറുള്ളത്. ഇപ്രാവശ്യം വരൾച്ച രൂക്ഷമായിരിക്കുകയാണ്. ഇക്കാര്യം കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയും എന്നോട് പറഞ്ഞിരുന്നു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. മുരളിയും ഇതേ ആവശ്യം സംബന്ധിച്ച് എനിക്ക് എഴുതിതന്നിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ മാസം തന്നെ കനാലിൽക്കൂടി വെള്ളം വിടാനുള്ള ക്രമീകരണത്തെക്കുറിച്ച് ആലോചിക്കാം. ഡാമിൽ

LIBRARY ARCHIVES Kerala Legislative Assembly